**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2540** **12.03.2018-ൽ മറുപടിക്ക്**

## ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;<br>(ബി) ബൈപ്പാസ് പ്രവൃത്തിക്കായി തയ്യാറാക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;<br>(സി) ബൈപ്പാസ് നിർമ്മാണത്തിനായി നിലവിൽ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം എത്ര ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ: | (എ) യും (ബി) യും (സി) യും<br>ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം 1.673 കി.മി നീളത്തിലും 12 മീറ്റർ വീതിയിലുമാണ് സ്ഥലമേറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ